**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3518** — **02-03-2023 - ൽ മറുപടിയ്ക്ക്**

**വലിയവയൽ നീർത്തട പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മണ്ണ് സംരക്ഷണ വകുപ്പിന് കീഴിൽ 2016 ൽ നൂറ്റി അറുപത് ലക്ഷം രൂപ ചെലവിൽ വാമനപുരം മണ്ഡലത്തിലെ പാങ്ങോട് പഞ്ചായത്തിൽ ആരംഭിച്ച വലിയവയൽ നീർത്തട പദ്ധതി നാളിതുവരെ പൂർത്തിയാക്കാൻ കഴിയാത്തതിന്റെ കാരണം അറിയിക്കാമോ; | (എ) | ആർ.ഐ.ഡി.എഫ് XXIIൽ ഉൾപ്പെട്ട 1,60,00,000/- രൂപ അടങ്കൽ തുക വരുന്ന വലിയവയൽ നീർത്തട പദ്ധതി വാമനപുരം ബ്ലോക്ക് പാങ്ങോട് പഞ്ചായത്തിലെ 435 ഹെക്ടർ സ്ഥലത്താണ് നടപ്പാക്കി വരുന്നത്. നാളിതു വരെ 93,04,569/- രൂപ ചെലവഴിച്ച 240 ഹെക്ടർ പ്രദേശത്തു വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. കോവിഡ് ലോക്ക്ഡൗൺ മൂലമുണ്ടായ പ്രതിസന്ധിയും 2016-ലെ DSR റേറ്റ് പ്രകാരം പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിയിരുന്നതും പ്രവർത്തന പുരോഗതി മന്ദഗതിയിലാകാൻ കാരണമായിട്ടുണ്ട്. പുതുക്കിയ റേറ്റിൽ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ 10.02.2023-ലെ G.O(Rt)No.136/2023/Agri നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ എത്ര ശതമാനം പ്രവൃത്തികൾ നാളിതുവരെ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതിയുടെ 58.15% നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | എന്തെല്ലാം പ്രവൃത്തികളാണ് നടപ്പാക്കാൻ അവശേഷിക്കുന്നതെന്നും പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും അറിയിക്കാമോ? | (സി) | **അവശേഷിക്കുന്ന പ്രവർത്തനങ്ങൾ** |

| | |
|---|---|
| കല്ല് കയ്യാല - | 3417.61 $m^2$ |
| പുല്ല് വെച്ച് പിടിപ്പിക്കൽ - | 200 Rm |
| റബ്ബർ തടം - | 200 എണ്ണം |
| പാർശ്വ ഭിത്തി നിർമ്മാണം - | 800 Rm |
| ക്രോസ്സ് വാൾ - | 45 Rm |
| റാമ്പ് (ടൈപ്പ് എ) - | 4 എണ്ണം |
| റാമ്പ് (ടൈപ്പ് സി) - | 3 എണ്ണം |

<table>
<tr><td></td><td></td><td></td><td><table><tr><td>ഡീപ്പ് വെൽ (കിണർ) -</td><td>29 എണ്ണം</td></tr><tr><td>സൈഡ് പ്രൊട്ടക്ഷൻ വാൾ -</td><td>250 Rm</td></tr></table><br>10.02.2023-ലെ G.O(Rt)No.136/2023/Agri നമ്പർ ഉത്തരവ് പ്രകാരം പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. മാർച്ചിനകം പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയിലെ പാർശ്വ ഭിത്തി, റിംഗ് പോണ്ട്, ക്രോസ് വാൾ എന്നിവയുടെ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നു വരുന്നു.</td></tr>
</table>

സെക്ഷൻ ഓഫീസർ